**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1146** **10-08-2023 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിക്ക് കുടിശികയിനത്തിൽ ലഭിക്കാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വാട്ടർ അതോറിറ്റിക്ക് നിലവിൽ കുടിശികയിനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശം തരംതിരിച്ച് വ്യക്തമാക്കാമോ; | (എ) | കേരള ജല അതോറിറ്റിക്ക് വാട്ടർ ചാർജ് ഇനത്തിൽ 30-06-2023 ലെ ഡി.സി.ബി പ്രകാരമുള്ള കുടിശ്ശിക താഴെ പറയും പ്രകാരമാണ് .<br>1. ഗാർഹികം: 256.27 കോടി രൂപ<br>2. ഗാർഹികേതരം: 211.35 കോടി രൂപ<br>3. വ്യാവസായികം: 5.47 കോടി രൂപ<br>4. സ്പെഷ്യൽ : 8.50 കോടി രൂപ<br>5. മറ്റിനങ്ങൾ : 55.24 കോടി രൂപ<br>6. എൽ.എസ്.ജി.ഡി (പൊതു ടാപ്പുകൾ) :815.52 കോടി രൂപ<br>ആകെ: 1,352.35 കോടി രൂപ |
| (ബി) | എത്ര ലക്ഷം ഗാർഹിക പൈപ്പ് കണക്ഷനുകളാണുള്ളതെന്നും അതിൽ പ്രവർത്തിക്കാത്ത മീറ്ററുകളുടെ എണ്ണം എത്രയെന്നും ഇതു മൂലം അതോറിറ്റിയുടെ നഷ്ടം എത്രയെന്നും വ്യക്തമാക്കാമോ; ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദീകരിക്കാമോ; | (ബി) | 06/2023-ലെ ഡി.സി.ബി പ്രകാരം ആകെ ഗാർഹിക കണക്ഷനുകളുടെ എണ്ണം: 39,52,611.<br>കേടായ മീറ്ററുകളുടെ എണ്ണം: 40,042<br>മീറ്ററുകൾ പ്രവർത്തിക്കാത്തത് കാരണം നിയമാനുസൃതമായ സർ ചാർജ് ഈടാക്കുന്നതിനാൽ വാട്ടർ അതോറിറ്റിക്ക് പ്രകടമായ നഷ്ടം ഉണ്ടാകുന്നില്ല. ഒരു വാട്ടർ മീറ്റർ പ്രവർത്തന രഹിതമായാൽ മുൻ ആവറേജ് പ്രകാരമാണ് ബില്ല് ചെയ്യുന്നത്. മീറ്ററുകൾ പ്രവർത്തന രഹിതമാകുമ്പോൾ മുൻ മാസത്തെ റീഡിങ് അനുസരിച്ചുള്ള തുകയാണ് വാട്ടർചാർജായി കണക്കാക്കുന്നത്. അതോടൊപ്പം ആദ്യ രണ്ടു മാസം ജല ഉപഭോഗത്തിന്റെ മുൻ ശരാശരി പ്രകാരമുള്ള വാട്ടർ ചാർജിന്റെ 25% വും അതുകഴിഞ്ഞുള്ള രണ്ട് മാസങ്ങളിൽ 50% വും ആറ് മാസം കഴിഞ്ഞാൽ 100% വും സർചാർജായി ഈടാക്കുന്നുണ്ട്. ഇപ്രകാരം 100% സർചാർജ് ഈടാക്കുന്നതിനാൽ ഗാർഹിക വിഭാഗം കണക്ഷനുകളിലെ മീറ്ററുകൾ പ്രവർത്തന രഹിതമായാലും കാര്യമായ നഷ്ടം വരുന്നില്ല. മീറ്റർ ഫോൾട്ടി ആണെന്ന് കണ്ടെത്തിയാൽ കേടായ |

| | | | |
|---|---|---|---|
| | | | വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനായി ഉപഭോക്താവിന് നോട്ടീസ് നൽകുകയും മൂന്ന് മാസത്തിന് ശേഷവും കേടായ വാട്ടർ മീറ്റർ മാറ്റിസ്ഥാപിക്കാത്ത ഉപഭോക്താക്കളുടെ കണക്ഷനുകൾ വിച്ഛേദിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | അണ്ടർ വാട്ടർ ലീക്ക്, ഗാർഹിക കണക്ഷനുകളിലെ ചോർച്ച എന്നിവ കാരണം വിതരണത്തിനായുള്ള വെള്ളത്തിന്റെ എത്ര ശതമാനം കണക്കിൽപ്പെടാതെ പ്രതിദിനം നഷ്ടപ്പെടുന്നുവെന്ന് അറിയിക്കാമോ; ഇതു മൂലം എത്ര തുകയുടെ നഷ്ടം വരുമെന്നും ഇതു പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ; | (സി) | കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 40 ശതമാനത്തോളം വരുമാനരഹിത ജലം ആയാണ് കണക്കാക്കുന്നത്. ഇതിൽ പൈപ്പുകളിലൂടെയും മറ്റും ഉള്ള ചോർച്ച കാരണം ഉണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ, മോഷണം തുടങ്ങിയ കാരണങ്ങൾ കൊണ്ട് ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതു മൂലമുള്ള നഷ്ടവും (വാണിജ്യ നഷ്ടം) ഉൾപ്പെടുന്നു. വരുമാന രഹിത ജലത്തിന്റെ അളവ് കുറയ്ക്കുന്നതിന്റെ ആദ്യപടിയായി ജല നഷ്ടം കൃത്യമായി കണക്കാക്കേണ്ടതുണ്ട്. ആയതിനായി ഉൽപ്പാദന കേന്ദ്രങ്ങളിലും പ്രധാന വിതരണ ലൈനുകളിലും ബൾക്ക് വാട്ടർ മീറ്ററുകൾ സ്ഥാപിക്കേണ്ടതുണ്ട്. ആയത് ഘട്ടംഘട്ടമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വരുമാന രഹിത ജലത്തിന്റെ അളവ് കൃത്യമായി അറിയാത്തതിനാൽ തന്നെ അതുമൂലമുള്ള നഷ്ടവും കൃത്യമായി കണ്ടെത്താൻ സാധിക്കില്ല. ഇത്തരത്തിലുള്ള നഷ്ടം പരിഹരിക്കുവാൻ താഴെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>1. പ്രധാന പൈപ്പ് ലൈനുകളിലും ഉപ ലൈനുകളിലും ഭൂമിയുടെ മുകൾത്തട്ടിലേക്ക് വരാതെ മണ്ണിനടിയിൽ ഉണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിനായി നിലവിൽ തിരുവനന്തപുരത്തു ഉപയോഗിക്കുന്ന തരത്തിലുള്ള, ലീക് ഡിറ്റക്ഷൻ ഉപകരണങ്ങൾ എല്ലാ സർക്കിൾ ഓഫീസുകളിലേക്കും വാങ്ങുന്നതിനുള്ള പർച്ചെയ്സ് ഓർഡർ 03-07-2023 തിയ്യതി നൽകിയിട്ടുണ്ട്.<br>2. പ്രധാന ലൈനുകളിൽ ഫ്ലോമീറ്റർ ഉപയോഗിച്ച് ജലത്തിന്റെ അളവ് നിർണ്ണയിച്ച് ലീക്ക് കണ്ടുപിടിക്കുന്ന മാർഗവും സ്വീകരിക്കാറുണ്ട്.<br>3. കൂടാതെ Raw water pumping main നുകളിലെ ജല നഷ്ടം ഉടനടി കണ്ടെത്തുന്നതിന് തദ്ദേശീയമായി വികസിപ്പിച്ച ഫ്ലോ ഫെയിലുയർ അലെർട് സിസ്റ്റം (FFAS) എന്ന സംവിധാനം 5MLD |

| | | | |
|---|---|---|---|
| | | | ക്ക് മുകളിലുള്ള എല്ലാ WTP കളിലും നടപ്പിലാക്കി വരുന്നു.<br>4. പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ലീക്കുകൾ അടിയന്തരമായി റണ്ണിങ് കോൺട്രാക്ട് മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗിച്ചും പരിഹരിച്ചു വരുന്നു.<br>5. പൈപ്പുകളുടെ കാലപ്പഴക്കം മൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br>6. കൂടാതെ നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പോളിസിയിൽ നിഷ്കർഷിച്ചിട്ടുള്ള പൈപ്പുകളാണ് ഉപയോഗിച്ച് വരുന്നത്. ഇതുവഴി ജല വിതരണ പൈപ്പുകൾ അടിക്കടി പൊട്ടുന്നത് ഒഴിവാക്കുവാൻ സാധിക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ പരിധിയിൽ ഉപയോഗിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ വേണ്ടി പ്രത്യേക നടപടികളും സ്വീകരിച്ചു വരുന്നു. ഇതിനായി പൈപ്പുകളുടെ Pre Delivery, Post Delivery ടെസ്റ്റിംഗ് നടത്തുന്നതിനായി സർക്കാർ സ്ഥാപനമായ CIPET-നെ നിലവിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കു പരാതികൾ രജിസ്റ്റർ ചെയ്യുവാനും ലീക്കുകൾ പരിഹരിക്കുന്നത് നിരീക്ഷിക്കുവാനുമായി കേന്ദ്ര കാര്യാലയത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാര കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. വാണിജ്യ നഷ്ടത്തിന്റെ തോത് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ മീറ്റർ പോളിസിയും രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | വാട്ടർ അതോറിറ്റി നിലവിൽ നഷ്ടത്തിലാണോ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | കേരള വാട്ടർ അതോറിറ്റിയുടെ 31-03-2023 ൽ അവസാനിച്ച വാർഷിക കണക്കുകൾ (പ്രൊവിഷണൽ) പ്രകാരം നിലവിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2022-23 ലെ വാർഷിക കണക്കുകൾ (പ്രൊവിഷണൽ) പ്രകാരം തൻ വർഷത്തെ ആകെ നഷ്ടം 1019.60 കോടി രൂപയാണ്. സഞ്ചിത നഷ്ടം 5931.03 കോടി രൂപയാണ്. |

| | | | |
|---|---|---|---|
| | | | 31.03.2023–ലെ പ്രൊവിഷണൽ കണക്ക പ്രകാരം ഉള്ള ബാലൻസ് ഷീറ്റിന്റെയും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെയും സംക്ഷിപ്ത രൂപം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**<u>ബാലൻസ് ഷീറ്റ്</u>**

**ഫണ്ടുകളുടെ ഉറവിടം.**

| | | |
|---|---|---|
| മൂലധനവും കരുതൽ ധനവും | ₹ | 16668.68 കോടി |
| സുരക്ഷിത വായ്പകൾ | ₹ | 21.01 കോടി |
| അരക്ഷിത വായ്പകൾ | ₹ | 11776.12 കോടി |
| ആകെ | ₹ | **28465.81 കോടി** |

**ഫണ്ടുകളുടെ വിനിയോഗം**

| | | |
|---|---|---|
| സ്ഥിര ആസ്തി | ₹ | 21045.03 കോടി |
| നിക്ഷേപം | ₹ | 35.64 കോടി |
| നിലവിലുള്ള ആസ്തി | ₹ | 1372.77 കോടി |
| വായ്പയും അഡ്വാൻസും | ₹ | 81.34 കോടി |
| സഞ്ചിത നഷ്ടം | ₹ | 5931.03 കോടി |
| ആകെ | ₹ | **28465.81 കോടി** |

**<u>ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ട്</u>**

| | |
|---|---|
| ആകെ ചെലവ് | ₹ 2273.43കോടി |
| ആകെ വരുമാനം | ₹ 1417.61കോടി |
| വരുമാനത്തിന് ഉപരിയായ ചെലവ് (തേയ്മാനത്തിനു മുമ്പ്) | ₹ 855.89കോടി |
| തേയ്മാനം | ₹ 161.99കോടി |
| വരുമാനത്തിന് ഉപരിയായ ചെലവ് (തേയ്മാനത്തിനുശേഷം) | ₹ 1017.88കോടി |
| മുൻ കാലയളവിലെ ക്രമപ്പെടുത്തൽ | ₹ 1.72കോടി |
| വരുമാനത്തിന് ഉപരിയായ ചെലവ് | **₹ 1019.60കോടി** |

**സെക്ഷൻ ഓഫീസർ**